(ഡി) താൽക്കാലിക കാർഡുകൾ നൽകിയിട്ടുള്ളവർക്ക് സ്ഥിരമായ കാർഡുകൾ നൽകാൻ ഇതിനകം എന്തൊക്കെ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇനിയും കാർഡിനുവേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കപ്പെടാതെ കിടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(എഫ്) അവർക്കുകൂടി കാർഡ് നൽകുന്നതിനുള്ള സത്വരനടപടി സ്വീകരിക്കുന്നകാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) 285 എണ്ണം.

(ബി) റേഷൻകാർഡിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷാഫോറത്തിൽ ജാതി ചോദിച്ചിട്ടില്ലാത്തതിനാൽ ജാതി തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(സി, ഡി) താൽക്കാലിക റേഷൻകാർഡ് നൽകിയിട്ടുള്ളതെല്ലാം സ്ഥിരം കാർഡാക്കി മാറ്റി നൽകിയിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

കരവാരം പഞ്ചായത്തിൽ വിതരണം ചെയ്ത താൽക്കാലിക കാർഡുകൾ

581 [787] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ് താലൂക്ക് സപ്ലൈ ഓഫീസിൽനിന്നും ഇക്കഴിഞ്ഞ ഒരു വർഷത്തിനകം എത്ര താൽക്കാലിക റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട് ; അവയിൽ കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിലെ കരവാരം പഞ്ചായത്തിൽ വിതരണം ചെയ്തവ എത്ര ;

(ബി) ഇതിൽ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും എത്ര ലഭിച്ചു ;

(സി) താൽക്കാലിക കാർഡുകൾ വിതരണം ചെയ്തതിൽ എത്ര പേർക്ക് സ്ഥിരമായ കാർഡു വിതരണം നടത്തിയിട്ടുണ്ട് ;

(ഡി) താൽക്കാലിക കാർഡുകൾ നൽകിയിട്ടുള്ളവർക്ക് സ്ഥിരമായ കാർഡുകൾ നൽകാൻ ഇതിനകം എന്തൊക്കെ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇനിയും കാർഡിനുവേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കപ്പെടാതെ കിടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അത്ര പേർക്കുകൂടി കാർഡ് നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) 7060 എണ്ണം. ഇവയിൽ 312 എണ്ണം കരവാരം പഞ്ചായത്തിലാണ് വിതരണം ചെയ്തിട്ടുള്ളത്.

(ബി) കാർഡിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷാഫാറത്തിൽ ജാതി പ്രത്യേകം ചോദിച്ചിട്ടില്ലാത്തതിനാൽ ജാതി തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി) എല്ലാം താൽക്കാലിക കാർഡുകളും സ്ഥിരം കാർഡുകളായി മാറ്റി കൊടുത്തിട്ടുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

സിവിൽ സപ്ലൈസ് മുഖാന്തിരം വിൽക്കുന്ന ലെവി സിമൻറിന്റെ വില

582 [788] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് മുഖാന്തിരം വിൽക്കുന്ന ലെവി സിമൻറിന്റെ വില എത്ര എന്നും നോൺ ലെവി സിമൻറിന്റെ വില എത്ര എന്നും വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴും ലെവി സിമൻറിന്റെയും നോൺ ലെവി സിമൻറിന്റെയും വില എത്ര വീതമായിരുന്നുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ലെവി സിമൻറിന് ചാക്കൊന്നിന് ടാക്സടക്കം 59 രൂപ 50 പൈസയും നോൺ ലെവി സിമൻറിന് ചാക്കൊന്നിന് ടാക്സടക്കം 77 രൂപയുമാണ് ഇപ്പോഴത്തെ വില.

(ബി) ലെവി സിമൻറിന് ചാക്കൊന്നിന് ടാക്സടക്കം 40 രൂപ 80 പൈസയും നോൺ ലെവി സിമൻറിന് ചാക്കൊന്നിന് ടാക്സടക്കം 68 രൂപയുമായിരുന്നു വില.

പടിയൂർ, മാണിപ്പാറ, പൂവച്ചാൽ, പരപ്പു എന്നിവിടങ്ങളിലെ റേഷൻ ഡിപ്പോകൾ അനുവദിക്കാൻ നടപടി

583 [789] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിൽപ്പെട്ട പടിയൂർ കല്ല്യാട് പഞ്ചായത്തിലെ മണപ്പാറ, ഉദയഗിരി പഞ്ചായത്തിലെ പൂവച്ചാൽ, ആലക്കോട് പഞ്ചായത്തിലെ പരപ്പു എന്നിവിടങ്ങളിൽ പുതിയ റേഷൻ ഡിപ്പോകൾ അനുവദിക്കണമെന്ന അപേക്ഷകളിൻമേൽ എന്തു തീരുമാനം കൈക്കൊണ്ടുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

പടിയൂർ-കല്ല്യാട് പഞ്ചായത്തിൽപ്പെട്ട കല്ലുവയൽ എന്ന സ്ഥലത്തും ഉദയഗിരി പഞ്ചായത്തിൽപ്പെട്ട പൂവച്ചാൽ എന്ന സ്ഥലത്തും പുതിയ റേഷൻ കടകൾ തുടങ്ങുവാൻ സർക്കാരിൽനിന്നും അനുവാദം കൊടുത്തിട്ടുണ്ട്. മറ്റ് സ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

ആണവ വൈദ്യുതി നിലയം

584 [790] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ക്ഷാമം നേരിടുന്നതിനു ഒരു ആണവ വൈദ്യുതി നിലയം സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly